പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 231 — 10.12.2012 - ൽ മറുപടിയ്ക്ക്

## കൊലപാതക കേസുകളിൽ ഇടപെടുന്നതായുള്ള ആരോപണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസറഗോഡ് ജില്ലയിലെ മുസ്ലീം ലീഗ് പ്രവർത്തകർ ചവിട്ടിക്കൊന്നതായി പറയപ്പെടുന്ന ടി. മനോജ് എന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകന്റെ വീട് ആഭ്യന്തര വകുപ്പുമന്ത്രി സന്ദർശിക്കുകയുണ്ടായോ; | (എ) ഇല്ല. |
| (ബി) കൊല ചെയ്യപ്പെട്ട ആർ.എം.പി. പ്രവർത്തകൻ ടി. പി. ചന്ദ്രശേഖരന്റെ വീട്ടിൽ ആഭ്യന്തര വകുപ്പു മന്ത്രി എത്ര തവണ സന്ദർശനം നടത്തി; അന്വേഷണവുമായി ബന്ധപ്പെട്ട ചർച്ചകൾ ഈ അവസരത്തിൽ നടത്തുകയുണ്ടായോ; | (ബി) കൊല ചെയ്യപ്പെട്ട ആർ.എം.പി. പ്രവർത്തകൻ ടി. പി. ചന്ദ്രശേഖരന്റെ വീട്ടിൽ ആഭ്യന്തര വകുപ്പു മന്ത്രി 3 തവണ സന്ദർശനം നടത്തി. അന്വേഷണവുമായി ബന്ധപ്പെട്ട് നിയമാനുസൃതമല്ലാത്ത ചർച്ചകളൊന്നും ഈ അവസരങ്ങളിൽ നടത്തിയിട്ടില്ല. |
| (സി) ഇപ്രകാരം ആഭ്യന്തര വകുപ്പു മന്ത്രി കൊലപാതക കേസുകളിൽ ഇടപെടുന്നത് നിയമാനുസൃതമാണോ ? | (സി) ആഭ്യന്തര വകുപ്പു മന്ത്രി കേസന്വേഷണത്തിൽ നിയമാനുസൃതമല്ലാതെ ഇടപെടാറില്ല. |

സെക്ഷൻ ഓഫീസർ